## വിജ്ഞാപനം

## നിർഭയ സെല്ലിലെ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ തസ്തികയിലെ

## ഡെപ്യൂട്ടേഷൻ / കരാർ വ്യവസ്ഥയിൽ നിയമനത്തിനായുള്ള വിജ്ഞാപനം

വനിത ശിശുവികസന വകുപ്പിൽ പ്രവർത്തിച്ച് വരുന്ന നിർഭയ സെല്ലിൽ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ തസ്തികയിലേയ്ക്ക് വനിത ശിശുവികസന / സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടർ (Scale of Pay-68700-110400) / ജോയിന്റ് ഡയറക്ടർ (Scale of Pay-55350-101400) തസ്തികയിലുള്ളവരിൽ നിന്നും തത്തുല്യമായ തസ്തികയിൽ മറ്റ് സർക്കാർ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ യോഗ്യരായ അപേക്ഷകൾ ലഭ്യമാകാത്ത പക്ഷം കരാർ വ്യവസ്ഥയിലോ നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ച് കൊള്ളുന്നു.

### ഡെപ്യൂട്ടേഷൻ നിയമനം-വ്യവസ്ഥകൾ

മറ്റ് സർക്കാർ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്നവരായ അപേക്ഷകർക്ക് MSW/Social Science ലുള്ള ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം.ഇതിനു പുറമേ അതിജീവിക്കപ്പെട്ട സ്ത്രീകൾ/കുട്ടികളുടെ പുനരധിവാസ പ്രവർത്തനങ്ങളിലും പെൺകുട്ടികളുമായി ബന്ധപ്പെട്ട ക്ഷേമ/വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും 10 വർഷത്തെ പരിചയം കൂടി ഉണ്ടായിരിക്കണം.

### കരാർ നിയമനം- വ്യവസ്ഥകൾ

നിർഭയ സെല്ലിൽ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ തസ്തികയിൽ ജോലി ചെയ്യുവാൻ താൽപ്പര്യമുള്ളതും പദ്ധതി നിർവ്വഹണ രംഗത്ത് 15 വർഷത്തിലധികം മികച്ച പ്രവർത്തനം കാഴ്ച വച്ചിട്ടുള്ള LLB/MSW ബിരുദം നേടിയിട്ടുള്ള വനിതകൾക്ക് കരാർ അടിസ്ഥാനത്തിൽ നിയമനത്തിനായി അപേക്ഷിക്കാവുന്നതാണ്.

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിനായി നിശ്ചിത യോഗ്യതയും താല്പര്യമുള്ള ഉദ്യോഗസ്ഥർ വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള ഡെപ്യൂട്ടേഷൻ അപേക്ഷ ഓഫീസ് മേലധികാരി മുഖേന വനിത ശിശുവികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

കരാർ നിയമനത്തിനായുള്ള അപേക്ഷകൾ പൂർണ്ണമായ ബയോഡാറ്റാ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ, സേവന പരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം വനിത ശിശുവികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി :- 05.01.2021.

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി

Administrative Officer
Directorate of Women and
Child Development Department
Thiruvananthapuram Pin- 695012